ജി വി എച്ച് എസ് എസ് കടയ്ക്കൽ



# മഴവില്ല്

# അകത്താളുകളിൽ

ക്രമ നമ്പർ ... താളുകൾ

1. വായന (ലേഖനം)........................................12-13
2. കമ്പ്യൂട്ടിംഗിന്റെ നിയമവശങ്ങൾ(ലേഖനം)........................................ 14-15
3. അമ്മ(കവിത)........................................16
4. ആദ്യവിദ്യാലയം(കവിത)........................................17
5. തിരുവോണം(കവിത)........................................18
6. കേരളം ദൈവത്തിന്റെ സ്വന്തം നാട്(ലേഖനം)........................................19-20
7. തേനേ തേനേ തേനീച്ചേ(കുട്ടിക്കവിത)........................................ 21
8. എൻ ജീവിതയാത്ര(കവിത)........................................ 22
9. മോഹഭംഗം(കവിത)........................................23
10. എന്റെ ഇടുക്കിയാത്ര(യാത്രാക്കുറിപ്പുകൾ)........................................24
11. മഴത്തുള്ളികൾ(കവിത)........................................25
12. തത്തമ്മപൈങ്കിളി(കവിത)........................................ 26
13. കാറ്റായ്(കവിത)........................................ 27
14. ഫ്ലാറ്റിനുള്ളിൽ നിന്നും ഒരു കാഴ്ച(കവിത)........................................ 28
15. മലയാളചെറുകഥ (ലേഖനം)........................................ 29-33

Little kites gvhss kadakkal

## ഞങ്ങളെ അറിയൂ

Little Kites

# സന്ദേശം



ആധുനിക സാങ്കേതികവിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് പഠനത്തിലും അധ്യാപനത്തിലും കൂടി ഇവയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നമ്മുടെ സംസ്ഥാന സർക്കാർ സംസ്ഥാനത്തുടനീളം നടപ്പാക്കിക്കൊണ്ടിരിയ്ക്കുന്ന പരിപാടിയാണല്ലോ ഹൈടെക്ക് വിദ്യാലയം. ഈ പദ്ധതിയുടെ ഭാഗമായിഅധ്യാപകർക്ക് മാത്രമല്ല വിദ്യർത്ഥികൾക്കും പരിശീലനം നൽകുന്നു എന്നത്ഏറെ പ്രാധാന്യമർഹിക്കുന്നതാണ്'.ലിറ്റിൽകൈറ്റ്സ്എന്ന നമ്മുടെ കുട്ടികളുടെ ഐടി കൂട്ടായ്മ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ മഴവില്ലിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

കടയ്ക്കൽ
16/10/2019

റ്റി ഗീത
ഹെഡ്മിസ്ട്രസ്
ജി വി എച്ച് എസ് എസ്
കടയ്ക്കൽ

Little kites gvhss kadakkal

## സന്ദേശം

കൊല്ലം ജില്ലയുടെ കിഴക്കൻ മലയോര പ്രദേശമായ കടയ്ക്കലിന്റെ വിദ്യാഭ്യാസ രംഗത്ത് എക്കാലവും മികവോടെ മുന്നേറിക്കൊണ്ടിരിക്കുന്ന വിദ്യാലയമാണ് ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കടയ്ക്കൽ.കേരള സർക്കാർ നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ ഹൈടെക്ക് വിദ്യാലയ പദ്ധതിയിൽ വിദ്യാർത്ഥികളെ കൂടി പങ്കാളികളാക്കുന്ന  ലിറ്റിൽകൈറ്റ്സ്എന്ന നമ്മുടെ കുട്ടികളുടെ ഐടി കൂട്ടായ്മ പുറത്തിറക്കുന്ന മാഗസിൻ മഴവില്ലിന് എല്ലാ ആശംസകളും നേരുന്നു.

കടയ്ക്കൽ
16/10/2019

വി വേണുകുമാരൻ നായർ
പി റ്റി എ പ്രസിഡന്റ്
ജി വി എച്ച് എസ് എസ്
കടയ്ക്കൽ

Little kites gvhss kadakkal

## സന്ദേശം



വിവരവിനിമയ സാങ്കേതികവിദ്യ കേരളത്തിലെ വിദ്യാലയങ്ങളിൽ വളരെ വലിയ മാറ്റത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. ഹൈടെക്ക് വിദ്യാലയ പദ്ധതിയിൽ വിദ്യാർത്ഥികളെ കൂടി പങ്കാളികളാക്കുന്ന ലിറ്റിൽകൈറ്റ്സ്എന്ന കേരളത്തിലെ ഏറ്റവും വലിയ കുട്ടികളുടെ ഐറ്റി കൂട്ടായ്മ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ മഴവില്ലിന് പിന്നിൽ പ്രവർത്തിച്ചവരെ അനുമോദിയ്ക്കുതിനൊപ്പം സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

കടയ്ക്കൽ
16/10/2019

സാബു എസ്
സ്റ്റാഫ് സെക്രട്ടറി
ജി വി എച്ച് എസ് എസ്
കടയ്ക്കൽ

Little kites gvhss kadakkal

# സന്ദേശം



കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗം ഒരു പുതുയുഗത്തിലേയ്ക്ക് കടന്നിരിയ്ക്കുന്നു.വിദ്യാലയങ്ങൾ ഹൈടെക്ക് ആകുന്നതിനു മുൻപും പിൻപും എന്നാകും ഈ മേഖല ഇനി വിവക്ഷിയ്ക്കപ്പെടുക.ഈ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത വിദ്യാർത്ഥികൾ കൂടി ഈ പദ്ധതിയിൽ നേരിട്ട് പങ്കാളികളാകുന്നു എന്നതാണ്.
ലിറ്റിൽകൈറ്റ്സ്എന്ന നമ്മുടെ കുട്ടികളുടെ ഐടി കൂട്ടായ്മ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ മഴവില്ലിന് പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും അനുമോദനങ്ങൾ അറിയിക്കുന്നതോടൊപ്പം ഈ സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു.

കടയ്ക്കൽ
16/10/2019

ലജിത്ത് ചന്ദ്രപ്രസാദ് ആർ എസ്
എസ് ഐ റ്റി സി
ജി വി എച്ച് എസ് എസ്
കടയ്ക്കൽ

Little kites gvhss kadakkal

## സന്ദേശം



സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തുടർച്ചയായി രണ്ടാം വർഷവും ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽഅതിയായ സന്തോഷം പങ്കുവയ്ക്കുന്നു.ഈ സംരംഭത്തിനു പിന്നിൽ പ്രവർത്തിച്ച യൂണിറ്റ് അംഗങ്ങളേയും വിശിഷ്യാ മാഗസിൻ കമ്മിറ്റിയേയും അഭിനന്ദനങ്ങൾ അറിയിയ്ക്കുന്നതോടൊപ്പം സംരംഭത്തിന് എല്ലാ ആശംസകളും നേരുന്നു

കടയ്ക്കൽ
16/10/2019

രാധാകൃഷ്ണ പിള്ള
എസ് ആർ ജി കൺവീനർ
ജി വി എച്ച് എസ് എസ്
കടയ്ക്കൽ

Little kites gvhss Kadakkal

## മഴവില്ലിന്റെ അണിയറയിൽ
### ലിറ്റിൽ കൈറ്റ്സ് ജി വി എച്ച് എസ് എസ് കടയ്ക്കൽ

**മാഗസിൻ കമ്മിറ്റി**

ററി ഗീത ഹെഡ്മിസ്ട്രസ്
വി വേണുകുമാരൻ നായർ പി റ്റി എ പ്രസിഡന്റ്
ലജിത്ത് ചന്ദ്രപ്രസാദ് എസ് ഐ റ്റി സി
പ്രദീപ് പി കൈറ്റ് മാസ്റ്റർ
ഷെറീന ബീവി എ കൈറ്റ് മിസ്ട്രസ്
ഇബ്രാഹിം മുഹമ്മദ് എസ്സ്എസ്സ്(ലീഡർ,ലിറ്റിൽ കൈറ്റ്സ്)(ലീഡർ,ലിറ്റിൽ കൈറ്റ്സ്)
നൂറ നസ്രീൻ എൻ(ഡപ്യൂട്ടിലീഡർ,ലിറ്റിൽ കൈറ്റ്സ്)

## എഡിറ്റർ

ഇബ്രാഹിം മുഹമ്മദ് എസ്സ്എസ്സ്
നൂറ നസ്രീൻ എൻ

## എഡിറ്റോറിയൽ ബോർഡ്

ഇബ്രാഹിം മുഹമ്മദ് എസ്സ്എസ്സ്
നൂറ നസ്രീൻ എൻ
ദീപക് ബി എസ്
നന്ദനസിങ്
മുഹമ്മദ് ഹിലാൽ
ആദിത്യൻ ജെ എസ്
അസ്ന എൻ

## കവർ ഡിസൈൻ

അലൻ കൃഷ്ണ എ എസ്

Little kites gvhss kadakkal

# ആമുഖം

കൊല്ലം ജില്ലയിലെ കിഴക്കൻമലയോര ഗ്രാമങ്ങളിലൊന്നാണ് കടയ്ക്കൽ. നാട്ടുവാഴിഭരണത്തിന്റെ അടിത്തറ ഇളക്കി ജനാധിപത്യപ്രസ്ഥാനത്തിന് ഉദയം കുറിച്ച നാടാണ്. കാർഷിക മേഖല ആയതിനാൽ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ നാടാകെ അറിയപ്പെടുന്ന ചന്തയുണ്ട്. പടിഞ്ഞാറൻ ദേശത്ത് നിന്നും കാർഷിക ഉല്പന്നങ്ങൾ വാങ്ങാൻകച്ചവടക്കാർ കടയ്ക്കൽ ചന്തയിൽ എത്തുമായിരുന്നു.

മകരകൊയ്ത്ത് കഴിഞ്ഞ് കുംഭമാസത്തിലെ തിരുവതിര(കടയ്ക്കൽ തിരുവതിര) പണ്ട് മുതൽക്കേപ്രസിദ്ധമാണ്. കാളവണ്ടിയും സൈക്കിളും കടയ്ക്കൽക്കാരുടെ വാഹനങ്ങളായിരുന്നകാലത്ത് സെക്കണ്ടറി വിദ്യാഭ്യാസത്തിനായി ഇവിടുത്തുകാർ ദൂരെസ്ഥലങ്ങളിൽ പോകേണ്ടിയിരുന്നു. ഈ സഹചര്യത്തിലാണ് 1950-ൽഗവ.അപ്പർ പ്രൈമറി സ്കൂൾഅപ് ഗ്രേഡ് ചെയ്ത് ഗവ.ഹൈസ്കൂൾ രൂപം കൊണ്ടത്.യു പി വിഭാഗം ഇന്നത്തെ ഗവ.യുപിഎസ്സിൽ നിലനിർത്തി.ഹൈസ്കൂൾവിഭാഗം ഇന്നത്തെ ഹൈസ്കൂൾകോമ്പൗണ്ടിലും 1958 വരെ ഒരു പ്രഥമാധ്യപകന്റെ കീഴിൽ പ്രവർത്തിച്ചു. .അതോടുകൂടിദൂരെദേശത്ത്പോയി സെക്കണ്ടറി വിദ്യാഭ്യാസം ചെയ്യേണ്ട അവസ്ഥയ്ക്ക് മാറ്റം സംഭവിച്ചു. ഇന്നത്തെ ഹൈസ്കൂൾ വിഭാഗം പ്രവർത്തിക്കുന്നതിൽ ചില കെട്ടിടങ്ങൾ തട്ടാമല രാമൻപിള്ള സാറിന്റെ ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആയിരുന്നു.കുട്ടികളുടെകുറവുകാരണം ഈ കെട്ടിടങ്ങൾ അദ്ദേഹം സർക്കാർ ആശുപത്രി നടത്തുന്നതിനായി വിട്ടുകൊടുത്തു.1933 ൽ ഡോ.ഗോവിന്ദൻഇവിടെ മെഡിക്കൽ ഓഫീസറായി പ്രവർത്തിച്ചിരുന്നു.ഇപ്പോൾ കടയ്ക്കൽ താലൂക്ക് ആശുപത്രി പ്രവർത്തിക്കുന്നസ്ഥലത്തുണ്ടായിരുന്ന പഴയ ആശുപത്രി കെട്ടിടത്തിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസ് പ്രവർത്തിക്കുകയായിരുന്നു.ഈ റേഞ്ച് ഓഫീസ് കുളത്തുപ്പുഴയിലേയ്ക്ക് മാറ്റിയതോടെ ചിങ്ങേലിയിൽനിന്നും കടയ്ക്കൽ ഠൗണിൽ ഫോറസ്റ്റ് റേഞ്ച് ഓഫീസ് പ്രവർത്തിക്കുകയായിരുന്ന കെട്ടിടത്തിലേയ്ക്ക് ആശുപത്രി മാറ്റുകയുണ്ടായി.

ഒഴിഞ്ഞ്കിടന്ന കെട്ടിടങ്ങളും അനുബന്ധമായുണ്ടായിരുന്ന മൂന്ന് ഏക്കർ അൻപത് സെൻറ് സ്ഥലവും തട്ടാമല രാമൻപിള്ള സാറിൽ നിന്നും നാട്ടിലെ ഏതാനും വ്യക്തികൾ വില നൽകി വാങ്ങി.സ്വകാര്യ സ്കൂൾ നടത്തുകയായിരുന്നു ലക്ഷ്യം.1950 ൽ കടയ്ക്കൽ ഗവ.യുപിഎസ്സ് അപ്പ് ഗ്രേഡ് ചെയ്തപ്പോൾ സെക്കൻററി സ്കൂൾ നടത്താൻ ഈ സ്ഥലവും കെട്ടിടങ്ങളും സൗജന്യമായി വിട്ടുകൊടുത്തു.അനുദിനം പ്രശസ്ഥിയുടെ പടവുകൾ താണ്ടുന്ന ഈ സരസ്വതീ ക്ഷേത്രത്തിനായി പണം മുടക്കിയമഹത് വ്യക്തികളെ നന്ദിയോടെ സ്മരിയ്ക്കാം.കരിങ്ങോട്ട് കുട്ടൻ പിള്ള,പുല്ലുപണയിൽ കൊച്ചപ്പി മുതലാളി, ഇടത്തറ അച്യുതൻവൈദ്യൻ എന്നിവരുടെ പേരിലാണ് സ്ഥലവും

Little kites gvhss kadakkal

കെട്ടിടങ്ങളും വാങ്ങിയത്.നൂറ് രൂപയുടെ നൂറ് ഓഹരികൾ എഴുപത്തിയാറ് പേർക്ക് വിറ്റാണ് പതിനായിരം രൂപ സമാഹരിച്ചത്.

നാല്പത്തിഅഞ്ചുവർഷത്തെ ഹൈസ്കൂൾ പ്രവർത്തനത്തിനുശേഷം 1995 ജൂൺ മാസത്തിൽ കടയ്ക്കൽ ഗവ. ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളായി ഉയർത്തപ്പെട്ടു.എം എൽ റ്റി, എം ആർ ആർ റ്റി വി. എന്നിവയുടെ ഓരോ ബാച്ച് വീതം പ്രവർത്തിക്കുന്നു.ശ്രീ പി എ നടരാജൻ ആദ്യ പ്രിൻസിപ്പലായി.2004 ൽ ഹയർ സെക്കൻററി വിഭാഗവും പ്രവർത്തനമാരംഭിച്ചു.ബയോളജി സയൻസ് ,ഹ്യൂമാനിറ്റീസ് എന്നീ വിഷയങ്ങളുടെ ഓരോ ബാച്ച് വീതം അനുവദിയ്ക്കപ്പെട്ട ഇവിടെ 2013 ൽ കൊമേഴ്സ് ഒരു ബാച്ച് കൂടി അനുവദിയ്ക്കപ്പെട്ടു.
പതിറ്റാണ്ടുകൾക്കു മുൻപേ ഇവിടെ എൻ സി സി യൂണിറ്റ് പ്രവർത്തിക്കുന്നു.പെൺകുട്ടികൾക്കും പ്രവർത്തിക്കുവാൻകഴിയുന്ന എൻ സി സി യൂണിറ്റാണ് ഇവിടെയുള്ളത്.1987-88 അധ്യായന വർഷമാണ് ഹൈസ്കൂൾ വിഭാഗത്തിൽ ജൂനിയർ റെഡ്ക്രോസ് യൂണിറ്റ് പ്രവർത്തനമാരംഭിച്ചത്.ഒട്ടനവധി ജീവകാരുണ്യ ക്ഷേമപ്രവർത്തനങ്ങൾ നിരന്തരം നടത്തിയതിന്റെ ഫലമായി 2003 ആഗസ്റ്റ് 25 ന് കടയ്ക്കൽ ഗവ. ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ജൂനിയർ റെഡ്ക്രോസ് യൂണിറ്റിന് കേരളത്തിലെ ആദ്യത്തെ മോഡൽ യൂണിറ്റ് പദവി ലഭിച്ചു.ആ പദവി കാത്തു സൂക്ഷിയ്ക്കാനുതകുന്ന പ്രവർത്തനങ്ങൾ ഇന്നും തുടർന്നുവരുന്നു.
ഈ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ നാൽപ്പത് ഡിവിഷനുകളിലായി 1800 ൽപ്പരം കുട്ടികളും വൊക്കേഷണൽ ഹയർ സെക്കൻററി,ഹയർ സെക്കൻററി വിഭാഗങ്ങളിലായി 500 ൽപ്പരം കുട്ടികളും പഠിക്കുന്നുണ്ട്.അങ്ങനെ നാടിന്റെ വിദ്യാഭ്യാസ മേഖലയിൽ ഈ വിദ്യാലയം മികവു പുലർത്തി മുന്നേറിക്കൊണ്ടിരിക്കുന്നു.ലിറ്റിൽ കൈറ്റ്സിന്റെ ആദ്യവർഷം മുതൽതന്നെ സ്കൂളിൽ യൂണിറ്റ്പ്രവർത്തിയ്ക്കുന്നുണ്ട്.

കടയ്ക്കൽ
16/10/2019

എഡിറ്റർ

Little kites gvhss kadakkal

# വായന

"വായിച്ചാൽ വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ച വളർന്നാൽ വിളയും
വായിച്ചില്ലെങ്കിൽവളയും"

"കുഞ്ഞുണ്ണിമാഷ്" കേരളത്തിലെ കുട്ടികളുടെ കളിക്കൂട്ടുകാരൻ. ഇദ്ദേഹം എഴുതിയ വായനയെക്കുറിച്ച് തുടങ്ങാം.

"വായിച്ച വളർന്നാൽവിളയും "

എന്നാണ് മാഷ് പറഞ്ഞിരിക്കുന്നത്. വായന എന്നത് നിസാരപ്പെട്ട വാക്കായി നാം തള്ളിക്കളയരുത്. വായനയിലൂടെകുട്ടികളുടെ ചിന്താഗതി വർദ്ധിക്കുകയാണ്. കുട്ടികൾ പുസ്തകങ്ങൾ വായിക്കുമ്പോൾ അതിലെ കഥാപാത്രങ്ങളും രംഗങ്ങളും അവരുടെ ഇളം മനസ്സ കളിൽ ഒരു ദൃശ്യമാധ്യമം എന്ന രീതിയിൽപ്രകടമാകുന്നു.ചിന്തിക്കുവാനും പ്രവർത്തിക്കുവാനുമുള്ള കഴിവ് വായനയിലൂടെ ഉണ്ടാകുന്നു.

"ചട്ടയിലെ ശീലം ചുടലവരെ"

എന്ന് ഒരു പഴഞ്ചൊല്ലുണ്ട്. കുട്ടിക്കാലത്തുതന്നെ വായനാശീലംവളർത്തിയെടുക്കേണ്ടത് വെറും ഒരു ശീലം മാത്രമല്ല. ഒരു ജീവിത രീതിയാണ്. വായനയിലൂടെ പല കുട്ടികളുടെയും കഴിവുകൾ വളർത്തിയെടുക്കുവാൻവായന സഹായിക്കുന്നു. തങ്ങളിൽനിദ്രയിലാർന്ന പല കഴിവുകളും ഉത്തേജിപ്പിക്കാൻവായന സഹായകരമാണ്. വായന എന്ന ആശയം കഴിവിനെ വളർത്തുന്നതോടൊപ്പം ചിന്തിക്കുവാനുള്ള കഴിവ് ലഭിക്കുന്നു.

ഒരു ദൃശ്യമാധ്യമത്തിൽകാണുന്നത് ഒരിക്കലും വായനയോട്ഉപമിക്കാൻകഴിയില്ല. ദൃശ്യമാധ്യമത്തിൽ കാണുന്നത് ഒരിക്കലും വായനയ്ക്ക്തുല്യം വയ്ക്കാൻ കഴിയുന്നില്ല. നമ്മുടെ പ്രാചീന കാലങ്ങളെക്കുറിച്ചുള്ള പുത്തൻ ഉണർവുകൾ അറിയുവാനും വായന സഹായിക്കുന്നു.

പ്രാചീന കഥകൾ,കവിതകൾനോവലുകൾലേഖനങ്ങൾഎന്നിവ വായിക്കുമ്പോൾതന്നെ നമുക്ക് അന്നുണ്ടായിരുന്ന ജീവിതം ഊഹിക്കാം. വായിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുണ്ട്. വായിക്കാൻനല്ല പുസ്തകങ്ങളും നമുക്ക് അറിയുവാൻആവശ്യമല്ലാത്ത ചീത്ത പുസ്തകങ്ങളുമുണ്ട്. നല്ല പുസ്തകങ്ങൾ നമുക്ക് അറിവുനൽകും. എന്നാൽ ചീത്ത പുസ്തകങ്ങൾ അറിവു പകരുന്നില്ല എന്നു മാത്രമല്ല വായനക്കാരനെ തെറ്റായ മാർഗ്ഗത്തിലേയ്ക്ക് നയിക്കുക കൂടി ചെയ്യുന്നു.

വായിച്ച വളരുക കുഞ്ഞുങ്ങളെ
വായന നിങ്ങളെ മുന്നോട്ടു നയിച്ചീടും
വായിച്ച വളരുക വായനയിലലിയുക
വായനയിൽ വിശ്വത്തെ കീഴടക്കുക

**ലിറ്റിൽകൈറ്റ്സ് കടയ്ക്കൽ**

Little kites gvhss kadakkal

*13*

വായിച്ചു വളർന്നാൽ
മനസ്സിലെ പൂമൊട്ടു വിരിയും
ചിന്തകളുണരും
ഉണർത്താം നിദ്രയിലാഴുന്ന ജീവിത മാർഗ്ഗതത്തെ
വായനയിലൂടെ ഉണർത്താം നമുക്കിന്നു
ഒന്നിച്ചു നിന്നു വളർത്താം നമുക്കുള്ളിൽ
വായനാ ശീലം നമുക്കെന്നും

വായനയെക്കുറിച്ചുകേൾക്കുമ്പോൾ മലയാളികൾ ആദ്യം ഓർക്കുക പി എൻ പണിക്കരെ ക്കുറിച്ചാണ്.അദ്ദേഹം വായനാലോകത്തിന് നൽകിയ സംഭാവനകൾ അത്രമേൽ വിലപ്പെട്ടതാണ്.കേരളത്തിലങ്ങോളമിങ്ങോളമുള്ള ഗ്രാമീണ ഗ്രന്ഥശാലകൾ അദ്ദേഹത്തിന്റെ അക്ഷീണമായ പ്രയത്നത്തിന്റെ ഫലമാണ്.വായനാശീലം കുട്ടിക്കാലം മുതൽ വളർത്തിയെടുക്കപ്പെടേണ്ട ഒരു ശീലമാണ്.ഇതിലൂടെഒരു നല്ല ശീലം നമ്മളിൽ വളർത്തപ്പെടുന്നതോടൊപ്പം അറിവ് വർദ്ധിയ്ക്കുകയും ചെയ്യുന്നു.

Little kites gvhss kadakkal

## കമ്പ്യൂട്ടിങ്ങിന്റെ നിയമവശങ്ങൾ

സൈബർ നിയമങ്ങൾ അഥവാ കമ്പ്യൂട്ടിങ്ങിന്റെ നിയമവശങ്ങൾ എന്നത് നിയമത്തിന്റെയും കമ്പ്യൂട്ടിംഗിന്റെയും വിവിധ തലങ്ങളെ സ്പർശിക്കുന്ന ഒന്നാണ്. ശൃംഖലാബന്ധിതമായ വിവരവിനിമയ ഉപകരണങ്ങളും സാങ്കേതികവിദ്യയും ഉപയോഗിച്ചുള്ള, വിവരവിനിമയം, ആശയവിനിമയം, വിവര ശേഖരണ-വിതരണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നിയമശാഖയാണ് സൈബർനിയമം. കരാർ നിയമം സ്വത്ത് നിയമം എന്നിവയെയൊക്കെ അപേക്ഷിച്ച് സൈബർനിയമം അഥവാ വിവര സാങ്കേതികവിദ്യാനിയമം നിയമത്തിന്റെ തന്നെ നിരവധി തലങ്ങളുമായി ബന്ധപ്പെടുന്നതും അവയിലൊക്കെ സ്വാധീനം ചെലുത്തുന്ന നിയമവുമാണ്. ബൗദ്ധിക സ്വത്തവകാശം, സ്വകാര്യത, അഭിപ്രായപ്രകടന സ്വാതന്ത്ര്യം, നിയമാധികാരപരിധി, തെളിവുകൾ തുടങ്ങിയവ സൈബർലോയുടെ സ്വാധീനമേഖലകളിൽ ചിലതാണ്. ഡിജിറ്റൽ വിവരങ്ങളുടെ കൈകാര്യം ചെയ്യലും വിനിമയവുമായി ബന്ധപ്പെട്ട പ്രക്രിയകളെ നിയന്ത്രിക്കുന്നതിനായി വിവിധ രാജ്യങ്ങൾ നടപ്പിലാക്കിയിരിക്കുന്ന നിയമത്തെയോ, നിയമങ്ങളുടെ സഞ്ചയത്തെയോ വിവരസാങ്കേതികവിദ്യാ നിയമം (Information Technology Act) എന്നുവിളിക്കാം. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിന്റെ സംരക്ഷണവും പകർപ്പവകാശവും, ഡിജിറ്റൽ വിവരങ്ങളുടെ കൈകാര്യകർതൃത്വവും നിയന്ത്രണവും, സ്വകാര്യത, സുരക്ഷ, വിവരശൃംഖലാജാലികയുടെ (ഇന്റർനെറ്റ്)പ്രവേശനവും ഉപയോഗവും, ഇലക്ട്രോണിക് വാണിജ്യവും വ്യാപാരവും തുടങ്ങിയ വിവിധമേഖലകളെ സംബന്ധിക്കുന്ന നിയമം അഥവാ നിയമങ്ങളാണ് ഇത്.

സൈബർ നിയമമേഖലയിൽ ഇന്ത്യയിലുണ്ടായിരിക്കുന്ന പ്രധാന നിയമമാണ് വിവര സാങ്കേതികവിദ്യാനിയമം 2010(ഇൻഫർമേഷൻ ടെക്നോളജി ആക്ട് - 2000).

Little kites ghss kadakkal

പാർലമെന്റ് പാസ്സാക്കിയ ഈ നിയമത്തിന് 2000 ജൂൺ 9 ന് പ്രസിഡന്റിന്റെ അനുമതി ലഭിച്ചു. ഇലക്ട്രോണിക് വിവരങ്ങളുടെ പരസ്പരവിനിമയം വഴി നടക്കുന്നതും ഇലക്ട്രോണിക് വാണിജ്യം എന്ന പൊതുവെ അറിയപ്പെടുന്നതുമായ ഇടപാടുകൾക്ക് അംഗീകാരം നൽകുന്നതിനും, കടലാസ് ഉപയോഗിച്ചുള്ള വിവരവിനിമയവും വിവരശേഖരണവും നടത്തുന്ന സർക്കാരിടപാടുകളിലും മറ്റും അതിനുപകരം ഇലക്ട്രോണിക്ക് ഡാറ്റായുടെ രൂപത്തിലുള്ള വിവരങ്ങൾ സമർപ്പിക്കുന്നതിനും, ഇന്ത്യൻ ശിക്ഷാനിയമം, തെളിവ് നിയമം, ബാങ്കേഴ്സ് ബുക്ക് തെളിവ് നിയമം, റിസർവ്വ് ബാങ്ക് നിയമം, തുടങ്ങിയവയിൽ ഇതിനനുസരണമായ ഭേദഗതികൾ വരുത്തുന്നതിനും മറ്റുമായാണ് ഈ നിയമം നടപ്പാക്കിയതെന്ന് ഇതിന്റെ ആമുഖത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

Little kites gvhss kadakkal

# അമ്മ



അമ്മതൻ സ്നേഹം തേൻപോലെ മധുരം
അമ്മതൻ താരാട്ടിലോ കുയിലിൻമധുസ്വരം
നൊന്തുപ്രസവിച്ചെനിക്കീ ജന്മം നൽകി
നേരും നെറിയുമെന്നെ
പഠിപ്പിച്ചവളാണമ്മ
നൻമയും സ്നേഹവും നിറഞ്ഞുകവിയും
സന്മനസുള്ളവളാണെന്റെയമ്മ
എല്ലാർക്കുമെല്ലാമാകുന്നതേ നീതി
യെന്നെന്നോടോതിത്തന്നവളാണമ്മ
എന്നമ്മതൻസ്നേഹം തേൻ പോലെ മധുരം
അമ്മതൻ താരാട്ടിലോ കുയിലിൻമധുസ്വരം

രാഖിമോൾ.

Little kites gvhss

# ആദ്യവിദ്യാലയം




ഇന്നും ഞാനോർക്കുന്നു ആ
വഴിത്താരകൾ
അന്നു ഞാൻ കണ്ടോരാക്കാഴ്ചകളും
അകലെയാണെങ്കിലുംഒത്തിരിയൊത്തിരി
അരുമയാണെന്നാത്മ വിദ്യാലയം
അക്ഷരപ്പൂവുകൾ തുള്ളിത്തുളിയ്ക്കുന്ന
അതിദിവ്യമാമാദ്യവിദ്യാലയം
അമ്മതൻ കൈപിടിച്ചന്നു ഞാനാദ്യമായ്
വിദ്യാലയത്തിൽകടന്നനേരം
ഒരു ശ്യാമ സുന്ദരപുഷ്പത്തിൽ നിന്നും
മധുനുകരാനെത്തും വണ്ടുപോൽഞാൻ
ഇതുവരെകാണാത്ത വിദ്യതൻ മൊട്ടുകൾ
കണ്ടുഞാൻ ഗുരുവിന്റെ കണ്ണിലൂടെ

സിയാനി

Little kites gvhss Ka

# തിരുവോണം



അത്തം വെളുത്ത പത്ത കഴിഞ്ഞു
തിത്തെ തിരുവോണം വന്നു
ചിത്തിരപ്പൂവും ചിറ്റാടപ്പൂവും
ചിത്രവർണ്ണപ്പട്ടുടുത്തു ഓണത്തപ്പനു
സ്വാഗതമോതാൻ.....
ഓലക്കുടചൂടി പീലിക്കുടചൂടി
കാലിൽ മെതിയടിയിട്ടൊരുങ്ങി
അത്തക്കളമിട്ടുചിത്രക്കളമിട്ടു
പൊന്നോണപ്പാട്ടുകൾ പാടിനിന്നു
താലിക്കതിർ ചൂടിമേളപ്പദം പാടി
മാവേലിനാടോപ്പൂവിട്ടും വേളയിൽ
മാനുഷ്യരെല്ലാരുമൊത്തുപാടി.അവർ
ഓണപ്പുടവയും
ഓണക്കളിയുമായ്
മാവേലി മന്നനുപൂജയേകി

കാർത്തിക്. എസ്

Little kites gvhss

# കേരളം ദൈവത്തിന്റെ സ്വന്തം നാട്

അജ്മൽ

വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് ഉപയോഗിക്കുന്ന ഒരു പരസ്യ വാചകമാണ് "കേരളം - ദൈവത്തിൻെറ സ്വന്തം നാട് " എന്നത്.പരസ്യവാചകങ്ങൾക്ക് സാധാരണ യാർത്ഥ്യവുമായുള്ളബന്ധം തന്നെ കുറവായിരിക്കും.എന്നാൽ കേരളത്തിനെ കുറിച്ച് ദൈവത്തിൻേറ സ്വന്തം നാട് എന്ന വിശേഷണം കേട്ട് അതിലാകൃഷ്ടരായി ഇവിടെ എത്തുന്ന വിനോദ സഞ്ചാരികൾ പരസ്യവാചകംഅക്ഷരംപ്രതിശരിയാണെന്ന്അനുഭവത്തിലൂടെമനസ്സിലാകുന്നു.ശരിയാണ്,ഏതോരു ശിലാഹൃദയനേയും തരളിതനാക്കുന്ന,മനോഹരമായ പ്രകൃതി സൗന്ദര്യമാണ് കേരളത്തിനുള്ളത്.



മലനാടിൻെറമനോഹാരിതയുംഎടുത്തു പറയേണ്ടതു തന്നെ. എന്നാൽ എത്ര വലിയപാത്രം കൊണ്ടു കോരിയാലും വററാത്ത സാഗരം പോലെ എത്രയധികം വിശേഷണങ്ങൾ ഉപയോഗിച്ചാലും പ്രകൃതി മനോഹരി യുടെ അംഗലാവണ്യത്തെ വരച്ചു തീർക്കുക അസാധ്യം. മലനാടിൻെറ ഗിരിനിരകളിൽ നിന്ന് എത്രയെത്ര നദികളാണ് ഉത്ഭവിച്ച് കേരളത്തിൻെറ ഹൃദയത്തിലൂടെ ഒഴുകി അറബിക്കടലിനെ പുൽകുന്നത്.ഈ ഗിരിനിരകൾ ചുരത്തുന്ന നൽപയസ്സു തന്നെയാണ് മലയാളത്തെ നട്ടു നനയ്ക്കുന്നത്.

Little kites gvhss kadakkal

മലനിരയുടെ മുകളിൽ കൃത്രിമമായി നിർമ്മിച്ച കൊച്ചു സാഗരം പോലെ വിലസുകയാണ് ഇടുക്കി അണക്കെട്ട്. കുറവൻ മലയേയും കുറത്തി മലയേയും ഒന്നിപ്പിക്കുന്ന അണക്കെട്ടിനു ചുററും ഭൂമീദേവിയെ പച്ചനിറത്തിലുള്ള ചേലചുററിച്ചു കൊണ്ട് വിലസുന്ന കാനന ഗരിമ. അതു പോലെ തന്നെ ആകാശത്തെ ചുംബിക്കുന്ന മലനികളിലൂടെയുള്ള ചുരം കയറി എടുത്തു കാട്ടുന്ന വയനാട് കേരളത്തിൻെറ നെറുകയിൽ തൊട്ട ഒരു പച്ച പൊട്ടാണ്.

സുഗന്ധദ്രവ്യങ്ങളുടേയുംവയനാടൻമഞ്ഞൾമുറിച്ചപോലെയുള്ളആദിവാസികളുടേയും നാടായ വയനാട് തികച്ചും വ്യത്യസ്തമായകേരളത്തിൻെറമനോഹാരിതയ്ക്ക് മാററു കൂട്ടുന്നു.

നിത്യവസന്തത്തിൻെറ തിലകക്കുറിയണിഞ്ഞ കേരളത്തിൻെറ ശോഭയിൽ ഋതു ഭേദങ്ങൾ കുറവൊന്നും വരുത്തുന്നതേയില്ല.ഓണക്കാലത്ത് ഓണത്തപ്പനെ വരവേൽക്കുവാൻ ഒരുങ്ങുന്ന പൂക്കളങ്ങളും കായലുകളും നദികളും ആവേശത്തിൻെറ വെണ്മുത്തുകൾ ചിതറിത്തെറിപ്പിച്ചു കൊണ്ട് നടത്തുന്ന വള്ളം കളി മത്സരങ്ങളും കേരളത്തിനു മാത്രം അവകാശപ്പെടാനുള്ള മഹാനുഭവങ്ങളാണ്.

Little kites gvhss kadakkal


# തേനേ തേനേ തേനീച്ചേ



തേനേ തേനേ തേനീച്ചേ
തേനുണ്ണാനൊരു തേനീച്ചേ
താഴെ വരാമോ തേനീച്ചേ
തേൻ തരാമോ തേനീച്ചേ?

ചതിയൻ കരടീ ചെറുകരടീ
ചെമ്പൻ കരടീ വാ കരടീ
കൊതിയൻ കരടീ വരു കരടീ
കൊമ്പാൽ കുത്താം തേൻ കരടീ

ഹിമ.എസ്.എസ്



Little kites vhss kadakkal

# എൻ ജീവിതയാത്ര

പ്രഭാതമാം പൊൻകിരണങ്ങളേറ്റ്
സന്ധ്യ,വിരഹം തൻവേദനയുമായെത്തുമ്പോൾ
ഏകാന്തമാം ജീവിതയാത്രയിൽ
ആരോടു ഞാനെൻ ദു:ഖം ചൊല്ലും.
സ്നേഹത്തിൻ ദൂതുമായ്എത്തുമെന്റെച്ചന്റെ
മടിയിൽ ചാഞ്ഞുറങ്ങ ഞാനോർത്തു
എന്നെയും നോക്കിയെൻ വീട്ടിലിരി-
ക്കുന്നൊരമ്മ തൻ താരാട്ടെന്നുള്ളിൽമുഴങ്ങുന്നു.
ഭാവിതൻ പ്രത്യാശ തീരങ്ങളിലെങ്ങോ
ഏങ്ങി-ഏങ്ങി കരയുന്ന സന്ധ്യകൾ
അരിച്ചരിച്ചിറങ്ങുന്ന മഞ്ഞുതുള്ളിപോൽ
എൻ ഹൃദയത്തിൻ താളിൽ അരിച്ചിറങ്ങുന്നു.

-നീതു മോൾ.റ്റി

Little kites gvhss kadakkal

# മോഹഭംഗം

ഇടതൂർന്നിതളുകളാൽ
സൂര്യനെ തേടി നീ
പുഞ്ചിരി തൂകിടും സൂര്യകാന്തി
മന്ദമാരുതനോടൊത്തു ചാഞ്ചാടും
നീണ്ട കറുത്താണോ നിന്നഴക്
ചെറുതായ് പുഞ്ചിരി നീപൊഴ്ച്ചീടുന്നോ?
ചെറുവണ്ടിനോടൊപ്പം നീ കളിച്ചീടുന്നോ?
കരിവണ്ട കളിപ്പാട്ടു മൂളിയെത്തി
നിന്നിടും കരിവണ്ട മൂളിയെത്തി
നിന്നിടും കരിവണ്ട മൂളിയെത്തി
നിന്നിലും കളിപ്പാട്ടു മൂളി തേൻനുകരാൻ
കൂട്ടിനെ ലക്ഷ്യമായി പറന്നു നീങ്ങും

നാദിയ എൻ

Little kites gvhss kadakkal

# എന്റെ ഇടുക്കിയാത്ര

പ്രഭാതസൂര്യന്റെ പൊൻകിരണങ്ങളേറ്റ് കുട്ടിക്കാനം കുന്നിനെ തേയിലതോട്ടങ്ങളുടെ ഇടവഴിയിലൂടെ ഇടുക്കിയിലേയ്ക്കുള്ള യാത്രഎന്നും മനസ്സിൽ മായാത്ത ഒരു സിന്ദൂരപൊട്ടു പോലെ കളഭം ചാർത്തുകയാണ്.

സുപ്രഭാതത്തിൽ മൂടൽ മഞ്ഞിന്റെ ഇടത്തലങ്ങളിലൂടെ സൂര്യപ്രഭ അരിച്ചിറങ്ങുന്ന സുന്ദരദൃശ്യം ഏതൊരു സന്മനസിലും തങ്ങിനിൽക്കാൻ പര്യാപ്തമാണ്. വിദ്യാഭ്യാസ രംഗത്ത് വിജയക്കൊടി പാറിച്ച കുട്ടിക്കാനം മരിയൻ കോളേജ് ,കേരളത്തിലെ ഏറ്റവും വലിയ വന്യജീവി സങ്കേതമായ തേക്കടിയാൽ അനുഗ്രഹീതമായ പുണ്യഭൂമി.ഇതിനാലൊക്കെപ്രശസ്തിക്കും പെരുമയ്ക്കും അർഹതനേടിയ ഇടുക്കിയിലേക്കുള്ള യാത്രയിൽ എത്രയും വേഗം തേക്കടിയെത്താൻ വെമ്പുന്ന ഞാൻ അപ്പോൾ അമ്മയെ കാണാൻ തുടിയ്ക്കുന്ന പിഞ്ചു ഹൃദയം പോലെ വെമ്പൽ കൊള്ളുകയായിരുന്നു.കേരവൃക്ഷങ്ങൾ ചാഞ്ചാടിയാടുന്ന കേരളത്തിന്റെ സുന്ദര ശില്പമായ പെരിയാർ. അവിടെ ഞങ്ങൾ നടതതിയ ബോട്ടുയാത്ര എന്നും മനസ്സിൽ ഒരു മയിൽപീലി പോലെ ഞാൻ കാത്തുസൂക്ഷിയ്ക്കുന്നു.

ആറ്റിൻ കരയിൽ നിൽക്കുന്ന തേക്കുമരങ്ങളിൽ പക്ഷികളുടെ കളകൂജന ശബ്ദം പ്രതിധ്വനിയ്ക്കുന്നു.പിന്നീടുള്ള ഞങ്ങളുടെ യാത്ര ഇടുക്കി വന്യജീവി സങ്കേതത്തിലേയ്ക്കായിരുന്നു.അവെി എന്നെ ഏറെ സ്വാധീനിച്ചത് മാൻപേടകളുടെ അഭ്യാസമായിരുന്നു. അവിടെ ധാരാളം മൃഗങ്ങളേയും കാണാൻ കഴിഞ്ഞു.

എന്റെ ജീവിതത്തിൽ അസുലഭ നിമിഷങ്ങൾപോലെമായാതെ നിൽക്കുന്ന ഈ യാത്ര കിഴക്കേ ചക്രവാളത്തിലെ പ്രഭാതസൂര്യന്റെ പൊൻകിരണം പോലെ മനസിൽ മായാതെ നിൽക്കുന്നു.

അലൻകൃഷ്ണ

Little kites gvhss kadakkal

# മഴത്തുള്ളികൾ




മാനം ഇരുണ്ടു മഴ പൊഴിഞ്ഞു
നോവിൽ നിന്നും വന്നൊരു സ്വപ്നം പോലെ
ഒരു പൈങ്കിളികൊഞ്ചൽപോലെ
ആ ശബ്ദം എന്നെ വിളിക്കവെ
ആ മഴയുടെ ധ്വനിയിൽ
ഞാനറിയാതെ ഇഴുകിച്ചേരുന്നു
നോവിന്റെ വേദന കാർന്നുതിന്നുന്നൊരു
പെൺകുട്ടിയുടെ കണ്ണു നീർ പോലെ
ആ മഴ പെയ്തു തിമിർക്കവെ
എന്തിനോ ആയി അലയുന്നു ഞാൻ
കാലത്തിന്റെ സമുദ്ര തീരങ്ങളിലൂടെ
മാനം തെളിഞ്ഞു മഴ തോർന്നു പോയി
എന്റെ മനസ്സിലെ ഓർമകൾ മാഞ്ഞുപോയി
മാനത്തിൽഒരു പെൺപ്രഭപോലെ
ആദിത്യ ഭഗവാൻ തിളങ്ങി നിന്നു
ആ പ്രഭാതത്തിൽകുളിരോർമയിൽ
പൂക്കൾമെല്ലെ ഉണരുന്നു.

ആഷിന എ

Little kites gvhss ka

# തത്തമ്മപൈങ്കിളി



തുഞ്ചന്റെ തത്തമ്മപൈങ്കിളിയേ
കൊഞ്ചിപറയും കിളിമകളെ
അത്തം ചിത്തിര ചോതിയണഞ്ഞ
പുത്തൻനെല്കതിർ കൊത്താമോ

ഓണക്കാലം വന്നടുക്കമ്പോൾ
ഓണവില്ലിന്നൊളികേൾക്കാലോ
ഓണപാട്ടിന്നീണം കേട്ട്
ഓലേഞ്ഞാലിയിലാടാലോ

അക്കരെ പാറിച്ചെന്നന്നാൽ
ചക്കരമാമ്പഴമുണ്ണാലോ
തത്തിപറന്നുവന്നെത്തുമ്പോൾ
പച്ചയുടുപ്പൊന്നണിയിക്കാം ഞാൻ

മുഹമ്മദ് സാദിഖ്

Little kites ghss kada

# കാറ്റായ്

പ്രഭാതമായ് നീ വരുമ്പോൾ
പൂവായ് ഞാൻ വിടരുന്നു
കാറ്റായ് നീ വരുമ്പോൾ
ഓളമായ് ഞാൻ മാറുന്നു.
മൂടികിടക്കുന്ന എൻ ഹൃദയത്തിൽ
മുട്ടിതുറന്നൊരു നേരത്തായ്
കുത്തി കുറിക്കാത്ത താളുകളായ്
നീയതങ്ങട്ടു മറിച്ചു നോക്കി.
അലിയുന്ന സ്നേഹവും ഓളങ്ങളും
മായാതെ കാറ്റേ നീ വരച്ചുവച്ചു
കളിയും ചിരിയും കുസൃതികളും
ഒരോർമ്മകൾ മാത്രമായ് തങ്ങിനിന്നു.

ജാസ്മിൻ

Little kites gvhss kadakkal

# ഫ്ളാറ്റിനുള്ളിൽ നിന്നും ഒരു കാഴ്ച



ആഞ്ഞു വീശും കാറ്റിലുലയും മരങ്ങൾതൻ

ചില്ലകളൊടിയും കിലുകിലാ നാദം  കേൾക്കേ
മുടിയഴിച്ചാടീടും വൻമരക്കൂട്ടങ്ങൾമേൽ
കിലുകിലാരവം മഴ ചാറിത്തിമർക്കവേ
ജനാലയ്ക്കരികിലായ് തൊട്ടിലിലുറങ്ങുമെൻ

കുഞ്ഞുപൈതലിൻ മേനി കുളിരാകെ
നെടുനീളൻ തുണിയിൽ പൊതിഞ്ഞങ്ങു
മൂടിക്കിടത്തി സംതൃപ്തയായി
പനിനീർ ദലം പോലെ നക്ഷത്രക്കണ്ണും പൂട്ടി
കുഞ്ഞിളം ചുണ്ടിലൊരു പുഞ്ചിരിയൊളിപ്പിച്ചു
ഉറങ്ങിക്കിടക്കുമാ മോഹന സ്വപ്നത്തിന്റെ
നെറുകയിലുമ്മവെച്ചു മൃദുവായി ഞാൻ
ഇടയ്ക്കു ജനാലതൻ വിരിയങ്ങൽപം മാറ്റി
പെയ്യും മഴയെ നോക്കി നിന്നുപോയ് ഞാൻ
പെട്ടെന്നൊരസ്ത്രമെന്റെ നെറ്റിയിൽ തറച്ചുവോ!
ഞാനങ്ങു സ്തബ്ധയായ് ചുറ്റും നോക്കി
ജനാലയിലുരുമ്മും തൈമാവിലിരിക്കുന്നു
ഒരു കാക്കയരികിലെ വേപ്പിലായ് മിഴിനട്ട്
ചിറകു കുടഞ്ഞങ്ങു പറന്നു വേപ്പിൽപ്പറ്റി
അഞ്ചാറുചുള്ളിക്കമ്പും ചകിരിക്കൊത്തും തീർക്കും
തുറന്ന കൂട്ടിന്മേലടയിരിപ്പായി.
അമ്മതൻ സ്നേഹസ്പർശം പകരും ചെറുചൂടിൽ
മുട്ടതന്നകത്തുമാ കുഞ്ഞുങ്ങൾ സന്തുഷ്ടരാം
നനഞ്ഞീടുമെന്നൊരു ചിന്തയും വലയ്ക്കാതെ
കാക്കമ്മയിരിക്കുന്നു ശാന്തയായ് നിശ്ചിന്തയായ്
പ്രകൃതീശ്വരിതന്റെ ചൂടും തണുപ്പുമേറ്റ
ങ്ങതാ വളരുന്നു കാകന്റെയാ പൊൻകുഞ്ഞുങ്ങൾ
പ്രകൃതീടങ്കത്തിൽ നിന്നകറ്റി വളർത്തുന്നു
മനുഷ്യക്കുഞ്ഞുങ്ങളെ യെന്തൊരു വിപര്യയം.

ചിത്രലേഖ എസ്

# മലയാള ചെറുകഥ

**'വിദ്യാവിനോദിനി' മാസികയിൽ 1891-ൽ (1066 കുംഭം) പ്രസിദ്ധീകരിച്ച വാസനാ വികൃതിയാണ് മലയാളത്തിലെ ആദ്യത്തെ ചെറുകഥ. പത്രപ്രവർത്തകനായിരുന്ന കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരാണ് വാസനാ വികൃതി രചിച്ചത്. കഥാകൃത്തിന്റെ പേരു വയ്ക്കാതെയാണ് ഈ ചെറുകഥ പ്രസിദ്ധീകരിച്ചത്. സി. എസ്. ഗോപാലപണിക്കർ, മൂർക്കോത്തു കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, അമ്പാടി നാരായണപൊതുവാൾ, എം. ആർ. കെ. സി., കെ. സുകുമാരൻ, ഇ. വി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖരായ ആദ്യകാല കഥാകൃത്തുക്കൾ.**

## ഒന്നാം ഘട്ടം

പത്രമാസികകളുടെ പ്രചാരമാണ് ചെറുകഥയ്ക്ക് വായനക്കാരെ സൃഷ്ടിച്ചത്. ഈ അന്തരീക്ഷം ഒട്ടേറെ എഴുത്തുകാരെ ചെറുകഥയിലേക്ക് ആകർഷിച്ചു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ, സി. പി. അച്യുതമേനോൻ, അപ്പൻ തമ്പുരാൻ, സി. വി. കുഞ്ഞുരാമൻ, കാരാട്ട് അച്യുതമേനോൻ, തേലപ്പുറത്ത് നാരായണൻ നമ്പി, ചിത്രമെഴുത്ത് കെ. എം. വർഗീസ്, എം. രത്നം, എൻ. എം. ദാസ്, ഇ. ഐ. പങ്ങിയച്ചൻ, കണ്ണമ്പ്ര കുഞ്ഞുണ്ണിനായർ, സി. ശങ്കരവാരിയർ, പി. ജി. രാമയ്യർ, അമ്പാടി കാർത്ത്യായനി അമ്മ, വി. പാർവതിയമ്മ, ടി. സി. കല്യാണിയമ്മ തുടങ്ങി ഒട്ടേറെ എഴുത്തുകാർ ആദ്യകാലത്ത് ചെറുകഥകളെഴുതിയിരുന്നു. ഈ ആദ്യഘട്ടത്തിന്റെ ഒടുവിൽ രംഗത്തു വന്ന കഥാകൃത്തുക്കളാണ് കെ. പി. കേശവമേനോൻ, ചേലനാട്ട് അച്യുതമേനോൻ, കെ. എൻ. എഴുത്തച്ഛൻ, എസ്. രാമാവാരിയർ, സി. എ. കിട്ടുണ്ണി, പാവുണ്ണി തൈക്കാട്, വിളാവട്ടത്ത് ശങ്കരപ്പിള്ള, കെ. എസ്. മണി തുടങ്ങിയവർ.

Little kites gvhss kadakkal

**രണ്ടാം ഘട്ടം**

1925 മുതൽ ചെറുകഥയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നു. വ്യക്തമായ സാമൂഹിക വീക്ഷണത്തോടുകൂടി എഴുതിയ ചെറുകഥകളുടെ ഘട്ടമാണത്. വി. ടി. ഭട്ടതിരിപ്പാട്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, എം. ആർ. ബി തുടങ്ങിയവരുടെ കഥകളാണ് ഇതിനുദാഹരണം. 1920-കൾ മുതൽ ലോകകഥയെ പരിചയപ്പെടുത്തിയും ചെറുകഥയുടെ സൗന്ദര്യശാസ്ത്രപരമായ പ്രശ്നങ്ങൾ ചർച്ച ചെയ്തും നിരൂപകനായ കേസരി ബാലകൃഷ്ണപിള്ള പുതിയൊരു സാഹിത്യാവബോധം മലയാളത്തിൽ സൃഷ്ടിച്ചു. ചെറുകഥയിലും നോവലിലും പരിവർത്തനം കൊണ്ടുവരാൻ ചെറിയ സഹായമല്ല കേസരി ചെയ്തത്. ഒട്ടേറെ യൂറോപ്യൻ ചെറുകഥകൾ വിവർത്തനം ചെയ്തും കേസരി മാതൃക കാണിച്ചു. ജീവൽസാഹിത്യ പ്രസ്ഥനവും പുരോഗമന സാഹിത്യപ്രസ്ഥാനവും സാഹിത്യത്തിന് പുതിയ ലക്ഷ്യബോധം പകരുകയും ചെയ്തു. ഈ പരിവർത്തന ദശയിൽ ഉയർന്നു വന്ന അഞ്ചു കഥാകൃത്തുക്കൾ മലയാള കഥയുടെ സുവർണ്ണയുഗത്തിന്റെ സ്രഷ്ടാക്കളായി മാറി. എസ്. കെ. പൊറ്റക്കാട്ട്, പി. കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി എന്നിവരാണവർ.

**സുവർണ്ണകാലം**

പൊൻകുന്നം വർക്കി, എസ്. കെ. പൊറ്റക്കാട്ട്, കേശവദേവ്, തകഴി, ബഷീർ എന്നീ അഞ്ചു പേരും ലളിതാംബിക അന്തർജ്ജനം, കാരൂർ നീലകണ്ഠപ്പിള്ള, ഉറൂബ് (പി. സി. കുട്ടികൃഷ്ണൻ), കെ. സരസ്വതിയമ്മ തുടങ്ങിയവരും ചേർന്നാണ് 1930- കൾക്കു ശേഷം മലയാള കഥയിലെ സുവർണ്ണയുഗം സൃഷ്ടിച്ചത്. റിയലിസത്തിന്റെ സന്ദേശമാണ് അവർ ഉയർത്തിയത്. അദ്ഭുതരസവും പരിണാമ ഗുപ്തിയും തൊലിപ്പുറമേയുള്ള ഫലിതവും നിറഞ്ഞ ആദ്യകാല കഥകളിൽ നിന്നുള്ള വമ്പൻ കുതിച്ചു ചാട്ടമാണ് ഈ തലമുറ നിർവഹിച്ചത്.

ദരിദ്രമനുഷ്യരുടെ ജീവിതവും അവർ നേരിടുന്ന ചൂഷണങ്ങളും രാഷ്ട്രീയസമരവും അധികാര വിമർശനവും ഈ കഥാകൃത്തുക്കളുടെ

Little kites gvhss kadakkal

പ്രമേയമായി. വർക്കിയുടെ മന്ത്രിക്കെട്ട്, അന്തോണീ നീയുമച്ചനായോടാ, ശബ്ദിക്കുന്ന കലപ്പ, തകഴിയുടെ വെള്ളപ്പൊക്കത്തിൽ, കേശവദേവിന്റെ ഉസ്താദ്, കുൾഡ്രിങ്ക്, പ്രതിജ്ഞ, ബഷീറിന്റെ നീലവെളിച്ചം, ജന്മദിനം, ടൈഗർ, പൊറ്റക്കാട്ടിന്റെ ഒട്ടകം, ഏഴിലംപാല, കാട്ടുചെമ്പകം, നിശാഗന്ധി, കാരൂരിന്റെ മരപ്പാവകൾ, പൂവമ്പഴം, അരഞ്ഞാണം, ഉതുപ്പാന്റെ കിണർ, മോതിരം, പിശാചിന്റെ കുപ്പായം, അന്തർ ജനത്തിന്റെ മാണിക്കൻ, പ്രതികാരദേവത, സരസ്വതിയമ്മയുടെ പെൺബുദ്ധി, ചോലമരങ്ങൾ തുടങ്ങിയ എത്രയോ കഥകൾ ആ സുവർണ്ണഘട്ടത്തിന്റെ സ്മാരകങ്ങളായി നിലനിൽക്കുന്നു.

ഒട്ടേറെ പുതിയ എഴുത്തുകാർ 1940-കളിൽ ചെറുകഥാരംഗത്തെ വികസ്വരമാക്കി. പുളിമാന പരമേശ്വരപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, വെട്ടൂർ രാമൻ നായർ, പോഞ്ഞിക്കര റാഫി, ടി. കെ. സി. വടുതല തുടങ്ങിയവർ ഈ കാലഘട്ടത്തിൽ ശ്രദ്ധേയരായിത്തീർന്നു. മുട്ടത്തു വർക്കി, വൈക്കം ചന്ദ്രശേഖരൻ നായർ, ചെറുകാട്, ഐ. കെ. കെ. എം., എം. പരമേശ്വരൻ നായർ, പെരുന്ന തോമസ്, എൻ. ഗോവിന്ദൻകുട്ടി, ടാറ്റാപുരം സുകുമാരൻ, ബി. മാധവമേനോൻ, ഡി. എം. പൊറ്റെക്കാട്ട്, സി. അച്യുതക്കുറുപ്പ്, എസ്. കെ. ആർ. കമ്മത്ത്, ഇ. എം. കോവൂർ, എം. എൻ. ഗോവിന്ദൻ നായർ, വേളൂർ കൃഷ്ണൻ കുട്ടി, പി. കെ. രാജരാജവർമ, ആനന്ദക്കുട്ടൻ, എൻ. പി. ചെല്ലപ്പൻ നായർ, പി. സി. കോരുത്, വി. ടി. നന്ദകുമാർ, സരളാരാമവർമ, എസ്. കെ. മാരാർ തുടങ്ങി ഒട്ടേറെ കഥയെഴുത്തുകാർ 1940 കൾക്കു ശേഷം ഉയർന്നു വന്നവരാണ്.

## മൂന്നാം ഘട്ടം

1950-കൾ മുതൽ ചെറുകഥ അന്നുവരെയുള്ളതിൽ നിന്നു വ്യത്യസ്തമായ വഴിയിൽ സഞ്ചരിക്കാൻ തുടങ്ങി. സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ ഏകാഗ്രവും സൂക്ഷ്മവുമായ ശില്പമായിത്തീർന്ന ഈ ഘട്ടത്തിലെ കഥകൾ ആന്തരികാനുഭവങ്ങൾക്കും മനോവൃത്തികൾക്കും പ്രാധാന്യം നൽകി.

ബിംബ പ്രധാനമായ ആഖ്യാനരീതിയും പ്രാബല്യം നേടി. ഏകാകിയുടെ വേദനകൾ ആവിഷ്കരിക്കുന്ന കഥകളായിരുന്നു ഈ പുതുഭാവുകത്വത്തിലെ ശ്രദ്ധേയമായ രചനകളിൽ പലതും. എം. ടി. വാസുദേവൻ നായരുടെയും ടി. പദ്മനാഭന്റെയും കഥകളാണ് ഈ ഭാവപരിവർത്തനത്തിനു തുടക്കമിട്ടത്. എം. ടി. യുടെ ബന്ധനം, വളർത്തു മൃഗങ്ങൾ, കുട്ട്യേടത്തി, ഇരുട്ടിന്റെ ആത്മാവ്, പള്ളിവാളും കാൽചിലമ്പും, ഓപ്പോള്, വാരിക്കുഴി, സുകൃതം, അജ്ഞാതന്റെ ഉയരാത്ത സ്മാരകം, വാനപ്രസ്ഥം, ഷെർലക് തുടങ്ങിയ കഥകൾ അതിപ്രശസ്തമാണ്. കടയനെല്ലൂരിലെ ഒരു സ്ത്രീ, കാലഭൈരവൻ, പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി, മഖൻസിങ്ങിന്റെ മരണം, ഭയം, ഹാരിസൺ സായ്‌വിന്റെ നായ, ശേഖൂട്ടി, ഗോട്ടി, ഗൗരി തുടങ്ങിയ ഒട്ടേറെ പ്രശസ്ത കഥകളുടെ കർത്താവാണ് ടി. പദ്മനാഭൻ.

എൻ. പി. മുഹമ്മദ്, കെ. ടി മുഹമ്മദ്, പി. എ. മുഹമ്മദ് കോയ, സി. രാധാകൃഷ്ണൻ, കോവിലൻ, പാറപ്പുറത്ത്, ജി. എൻ. പണിക്കർ, തുളസി, നന്തനാർ, വിനയൻ, ജി. വിവേകാനന്ദൻ, ഉണ്ണികൃഷ്ണൻ പുത്തൂർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കൾകൂടി ചേർന്നതാണ് മൂന്നാംഘട്ടം.

**ആധുനികത**

*ആധുനികതയുടെ കാലമാണ് ചെറുകഥയിലെ നാലാം ഘട്ടം. നഗരകേന്ദ്രിതമായ ആധുനിക സമൂഹത്തിൽ മാനുഷിക മൂല്യങ്ങളും മനുഷ്യസ്ഥിത്വവും നേരിട്ട പ്രതിസന്ധികളും ജീവിതത്തിനുണ്ടായ അന്യവത്കരണവും ഏകാന്തതാബോധവുമൊക്കെയായിരുന്നു ആധുനികരുടെ വിഷയങ്ങൾ. ഒ. വി. വിജയൻ, മാധവിക്കുട്ടി, എം. പി. നാരായണപിള്ള, കാക്കനാടൻ, എം. മുകുന്ദൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, വി. കെ. എൻ., ടി. ആർ., കെ. പി. നിർമൽ കുമാർ, മേതിൽ രാധാകൃഷ്ണൻ, എം. സുകുമാരൻ, പി. കെ. നാണു, യു. പി. ജയരാജ്, സി. ആർ. പരമേശ്വരൻ, സക്കറിയ, സി. വി. ശ്രീരാമൻ, പി.*



Little kites gvhss kadakkal

*വത്സല, എസ്. വി. വേണുഗോപൻ നായർ, വൈശാഖൻ, മുണ്ടൂർ കൃഷ്ണൻ കുട്ടി, തുടങ്ങിയ ഒട്ടേറെപ്പേരുൾപ്പെടുന്നതാണ് ആധുനികതയുടെ തലമുറ. ഒ. വി. വിജയന്റെ എണ്ണ, അരിമ്പാറ, കടൽത്തീരത്ത്, കാറ്റു പറഞ്ഞ കഥ, മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം, നാവിക വേഷം ധരിച്ച കുട്ടി, പരുന്തുകൾ, നെയ്പ്പായസം, കാക്കനാടന്റെ ശ്രീചക്രം, നിഷാദസങ്കീർത്തനം, യൂസഫ് സരായിയിലെ വ്യാപാരി, കുഞ്ഞമ്മപ്പാലം, എം. പി. നാരായണപിള്ളയുടെ ജോർജ്ജ് ആറാമന്റെ കോടതി, മുരുകൻ എന്ന പാമ്പാട്ടി, എം. മുകുന്ദന്റെ രാധ രാധമാത്രം, അഞ്ചര വയസ്സുള്ള കുട്ടി, ദൽഹി 1981 തുടങ്ങിയ കഥകൾ ആധുനിക ചെറുകഥയുടെ മികച്ച മാതൃകകളാണ്.*

### ആധുനികതയ്ക്കു ശേഷം

ആധുനികതയുടെ പ്രഭാവ കാലത്തു തന്നെ അതിൽ നിന്നു വ്യത്യസ്തമായി എഴുതാൻ ശ്രമിച്ച ഒരുപറ്റം കഥാകൃത്തുക്കൾ രംഗത്തു വന്നു. വി. പി. ശിവകുമാർ, എൻ. എസ്. മാധവൻ, അയ്മനം ജോൺ, യു. കെ. കുമാരൻ, സി. വി. ബാലകൃഷ്ണൻ, സാറാ ജോസഫ്, എൻ. പ്രഭാകരൻ, അഷ്ടമൂർത്തി, ടി. വി. കൊച്ചു ബാവ, വി. ആർ. സുധീഷ്, അക്ബർ കക്കട്ടിൽ, എം. രാജീവ് കുമാർ, മാനസി, ഇ. വി. ശ്രീധരൻ തുടങ്ങിയവയെല്ലാം ഈ തലമുറയിൽ ഉൾപ്പെടുന്നു. വിശാലാർത്ഥത്തിൽ ആധുനികതയുടെ ഭാഗമാണ് ഈ എഴുത്തുകാരും.

### ഉത്തരാധുനികത


1990- കള് മുതല് ആവിര്ഭവിച്ച ഭാവുകത്വത്തെയാണ് ഉത്തരാധുനികതയെന്നു വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയില്പ്പെട്ടവരും ഈ പുതുഭാവുകത്വ രീതി സ്വാംശീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തോമസ്ജോസഫ്,വി.വിനയകുമാർ,അശോകൻചരുവിൽ സുഭാഷ് ചന്ദ്രൻ,സന്തോഷ് ഏച്ചിക്കാനം, ബി.മുരളി, ഉണ്ണി ആർ തുടങ്ങിയ ഒട്ടേറെ കഥാകൃത്തുക്കള് ഉൾപ്പെടുന്നതാണ് ചെറുകഥയുടെ ഈ വർത്തമാനകാല തലമുറ.

ഞങ്ങളും ഓണം ഡിജിറ്റലാക്കി




ദീപക്ക് ഡി

Little kites



ഗൗതം ശങ്കർ ഡി

Little kites gvhss



ആലിയ എൻ

Little kites

# അണിയറയിൽ




**ലിറ്റിൽ കൈറ്റ്സ്@gvhss kadakkal**

Little Kites




**ശുഭം......**

# നന്ദി......

Little kites gvhss kadakkal